# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 5612 | 24.05.2017-ൽ മറുപടിയ്ക്ക്

### പൂജപ്പുര പഞ്ചകർമ്മ ആശുപത്രിയിലെ ശോചനീയാവസ്ഥ

| ചോദ്യം<br>ശ്രീ.റോഷി അഗസ്റ്റിൻ | | ഉത്തരം<br>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ആരോഗ്യവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പൂജപ്പുര പഞ്ചകർമ്മ ആശുപത്രിയിലെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുവാൻ നടപ്പ് സാമ്പത്തിക വർഷംതന്നെ നടപടി സ്വീകരിക്കുമോ; | (എ) | ആശുപത്രിയിലെ സൗകര്യക്കുറവുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പ്രവർത്തനം ഉൾപ്പെടെയുള്ള കുറവുകൾ പരിഹരിക്കുന്നതിന് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത ആശുപത്രിയിൽ മൂട്ടശല്യം നിമിത്തം രോഗികൾക്ക് കിടക്കുവാനോ ഉറങ്ങുവാനോ കഴിയാത്ത സ്ഥിതി നിലനിൽക്കുന്നത് പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; | (ബി) | പഞ്ചകർമ്മ ആശുപത്രിയിലെ വാർഡുകളിലേയും മറ്റും മൂട്ടശല്യം ഒഴിവാക്കുന്നതിനു മരുന്ന് ഉപയോഗിച്ച് പ്രശ്നം പരിഹരിയ്ക്കുകയും ശാശ്വത പരിഹാരത്തിന് വെയർ ഹൗസിംഗ് കോർപ്പറേഷനുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | ആശുപത്രി പരിസരത്തുള്ള ചപ്പുചവറുകൾ നീക്കി ശുചിത്വപൂർണ്ണമായി സംരക്ഷിക്കുവാൻ വേണ്ട അടിയന്തര നടപടി സ്വീകരിക്കുമോ? | (സി) | പഞ്ചകർമ്മ ആശുപത്രിയിലെ ഖരമാലിന്യങ്ങൾ സംസ്കരിക്കുന്നതിനു " സോളിഡ് വേസ്റ്റ് ബർണർ" സ്ഥാപിക്കുകയും അത് നല്ല രീതിയിൽ പ്രവർത്തിക്കുകയും ചെയ്യുന്നു. കൂടാതെ ആശുപത്രിയിലെ പരിസരം ശുചിത്വപൂർണ്ണമായി സംരക്ഷിക്കുന്നതിനും മഴക്കാലജന്യ രോഗങ്ങളെ തടയുന്നതിനും നാഷണൽ സർവ്വീസ് സ്കീം അംഗങ്ങളെ ഉൾപ്പെടുത്തി ആശുപത്രി ജീവനക്കാരും അധ്യാപക വിദ്യാർത്ഥി സംഘങ്ങളും ആശുപത്രി പരിസരത്തുള്ള ചപ്പു ചവറുകൾ എല്ലാം തന്നെ നീക്കിയിട്ടുണ്ട്. ടി പ്രവൃത്തി ഇടയ്ക്കിടെ തുടർന്നു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ